ഉത്തരം

(എ) രണ്ട് തസ്തിക

1. ശ്രീമതി പി. കെ. ശോഭന

2. ശ്രീ. എൻ. വിനോദ്കുമാർ

ഏതെങ്കിലും വിഷയത്തിൽ ബിരുദവും എം.എൽ.ഐ.എസ്.സി. യുമാണ് അടിസ്ഥാനയോഗ്യത

ശമ്പള സ്കെയിൽ

നിലവിലുള്ളത്	ശമ്പള കമ്മീഷൻ ശുപാർശ ചെയ്തത്
12250-19800	29180-40640
138 %	

(ബി) ഇല്ല.

(സി) ഇത്തരത്തിൽ വർദ്ധനവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ അലവൻസ് നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ

102 (2580) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെകീഴിലെ വിവിധ ഓഫീസുകളിൽ പണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ അലവൻസ് നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) 16-12-1978-ലെ ജി.ഒ.(പി.) 860/78/ഫിൻ. ഉത്തരവു പ്രകാരം ഇക്കാര്യത്തിന് സ്പെഷ്യൽ പേ അനുവദിക്കുകയും 1998-ലെ ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം അത് സ്പെഷ്യൽ അലവൻസാക്കുകയും, ജീവനക്കാരുടെ എണ്ണത്തിലെ നിബന്ധന എടുത്തുകളയുകയും ചെയ്തു കൊണ്ട് കാലാകാലങ്ങളിൽ വരുത്തിയ പരിഷ്കരണങ്ങൾമൂലം ആശയക്കുഴപ്പം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഇതുമൂലം, സംശയനിവാരണത്തിന് അനുമതിതേടി നിരവധി ഹയലുകൾ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലും ധനകാര്യ വകുപ്പിലും ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ധനകാര്യ വകുപ്പിൽ ഇതു സംബന്ധമായി 2010-ൽ എത്ര ഹയലുകൾ കൈകാര്യം ചെയ്യേണ്ടിവന്നിട്ടുണ്ട് എന്നതിന്റെ വിവരം ലഭ്യമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച ഉത്തരവുകളിൽ നിലനിൽക്കുന്ന അവ്യക്തത ഒഴിവാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കുലർ നമ്പർ.11/.ഫി.ആർ.സി.-3/80/(168)/ ധന.തീയതി. 2-2-1980, സർക്കുലർ നമ്പർ 49777/ഫി. ആർ. സി. ബി. 1/95. ധന. തീയതി. 11-1-1995, സർക്കുലർ നമ്പർ 93/03. ധന. തീയതി, 4-12-2003, 2004-ലെ ശമ്പള പരിഷ്കരണ ഉത്തരവ് സ.ഉ. (അച്ചടി)നം. 145/06/ധന. തീയതി : 25-3-2006, സ.ഉ.(കയ്യെഴുത്ത്) നം. 2/7/(24) ധന. തീയതി, 3-1-2007 എന്നീ ഉത്തരവുകൾക്ക് അനുസൃതമായാണ് നിലവിൽ ഈ അലവൻസ് അനുവദിക്കുന്നത്.

(ബി) ഇല്ല.

(സി) നിലവിലെ നിയമ പ്രകാരം ഈ അലവൻസ് ഒരു ഓഫീസിൽ ആദ്യമായി അനുവദിക്കുന്നതിന് സർക്കാർ അനുമതി വേണമെന്ന് നിഷ്കർച്ചിട്ടുള്ളതിനാൽ ബന്ധപ്പെട്ട ഭരണ വകുപ്പുകളിലും ധനകാര്യ വകുപ്പിലും ഇത്തരം ഫയലുകൾ സ്പഷ്ടീകരണത്തിനും അനുമതിക്കുമായി വരാറുണ്ട്. ഇത്തരത്തിലുള്ള 37 ഫയലുകൾ 2010-ൽ ധനകാര്യ വകുപ്പിൽ കൈകാര്യം ചെയ്തിട്ടുണ്ട്.

(ഡി) ഉത്തരവുകളിൽ അവ്യക്തത ഇല്ലാത്തതിനാൽ മേൽ നടപടികൾ ആവശ്യമില്ല.

കേരള ലളിതകലാ അക്കാഡമിയിലെ ജീവനക്കാർക്ക് അലവൻസ് പുനഃസ്ഥാപിക്കാൻ നടപടി

103 (2581) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലളിതകലാ അക്കാഡമിയിലെ ജീവനക്കാർക്ക് സർക്കാർ ഉത്തരവുമൂലം നിർത്തലാക്കിയ പ്രത്യേക അലവൻസ് പുനഃസ്ഥാപിക്കാൻ ധനകാര്യ വകുപ്പ് ഉത്തരവിടുകയോ ശുപാർശ ചെയ്യുകയോ ചെയ്തിട്ടുണ്ടോ ;

(ബി) ഏതു നിരക്കിലാണ് പ്രത്യേക അലവൻസ് അനുവദിച്ചു കൊണ്ടിരുന്നത് ; ഇതിന്റെ മാനദണ്ഡം എന്താണ് ;

(സി) ഈ അലവൻസ് വാങ്ങുന്നത് സംബന്ധിച്ച് മന്ത്രി സീറിങ്ങ് ഏർപ്പെടുത്തിയിട്ടുണ്ടോ ; താമസവും ഭക്ഷണവും അനുവദിച്ചുകൊണ്ടുള്ള പ്രോഗ്രാമുകളിൽ ഏതു നിരക്കിലാണ് അലവൻസ് നൽകിവരുന്നത് ;

(ഡി) ഈ അലവൻസ് പുനസ്ഥാപിക്കുന്നതിന് മുൻപ് ഇതിന്റെ ആവശ്യകത സംബന്ധിച്ച് ഏതെങ്കിലും രീതിയിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(ഇ) ഈ അലവൻസ് ലളിതകലാ അക്കാഡമിയിൽ ദുരുപയോഗം ചെയ്യപ്പെടുകയാണെന്ന രീതിയിൽ അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇതിനെക്കുറിച്ച് ധനകാര്യവകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly